പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T3328

12/12/2014 -ലെ
മറുപടിയ്ക്ക്

**കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ്**
**ഫോർ ഡെവലപ്മെന്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പെർട്ട്സ് ഫോർ ഡെവലപ്മെന്റ് എന്ന ഒരു കമ്പനി രൂപീകരണം സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (എ) 26/7/2013 ലെ ജി.ഒ(സാധാ) നം.38/13/ പ്ലാനിംഗ് പ്രകാരം സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പെർട്ട്സ് ഫോർ ഡെവലപ്മെന്റ് (CRED)" ഒരു കമ്പനിയായി രൂപീകരിക്കുന്നതിനുള്ള അംഗീകാരം നൽകിയിരുന്നു. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത കമ്പനി രൂപീകരണം സാധ്യമാക്കുന്നതിനു സമയബന്ധിത നടപടികൾ സ്വീകരിക്കുമോ; | (ബി) കമ്പനി രൂപീകരണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നടപ്പ് വർഷത്തെ ബജറ്റിൽ ഇതിലേക്ക് തുക വകയിരുത്തിയിട്ടില്ല. കമ്പനി രൂപീക രണത്തിനുള്ള അടങ്കൽ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) തന്നാണ്ടിൽ ഇതിലേക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ; | (സി) & (ഡി) |
| (ഡി) വകയിരുത്തിയിട്ടില്ലെങ്കിൽ തുടർ ബജറ്റിൽ പ്രസ്തുത കമ്പനി രൂപീകരണത്തിന് പ്രാഥമികമായി വേണ്ടുന്നതായ അടങ്കൽ തുക വകയിരുത്തുന്നതിന് ശ്രമമുണ്ടാകുമോ ? | |

സെക്ഷൻ ഓഫീസർ